**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6239** **10-07-2024 - ൽ മറുപടിയ്ക്ക്**

**മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ദേശീയപാതയുടേയും പൊതുമരാമത്ത് റോഡുകളുടേയും മറ്റ് ഗ്രാമീണ റോഡുകളുടേയും അരികിലായി വനഭൂമിയിൽ അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ ദേശീയ പാതയുടേയും പൊതുമരാമത്ത് റോഡുകളുടേയും മറ്റ് ഗ്രാമീണ റോഡുകളുടേയും അരികിലായി വനഭൂമിയിൽ അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങളിൽ നിന്നുള്ള അപകടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ജീവനക്കാർ പട്രോളിംഗ് നടത്തുന്ന വേളയിൽ ശ്രദ്ധയിൽപ്പെടുന്ന അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുകയും അപകടം ഒഴിവാക്കുന്നതിനാവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിൽ മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ച് പരിധിയിലൂടെ കടന്ന് പോകുന്ന ദേശീയപാതയുടെയും പൊതുമരാമത്ത് റോഡുകളുടേയും, മറ്റ് ഗ്രാമീണ റോഡുകളുടേയും അരികിലായി വനഭൂമിയിൽ അപകടകരമായ നിലയിൽ മരങ്ങൾ നിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതും, അപേക്ഷ ലഭിച്ചിട്ടുള്ളതുമായ മരങ്ങൾ മുറിച്ച് നീക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കാലാകാലങ്ങളിൽ റോഡിനും യാത്രികർക്കും അപകടകരമായി നിൽക്കുന്ന മരങ്ങളും ചില്ലകളും മുറിച്ച് നീക്കി അപകടമൊഴിവാക്കി വന്നിട്ടുള്ളതും 24.06.2024 തീയതിയിൽ വില്ലാഞ്ചിറ ഭാഗത്ത് മണ്ണൊലിപ്പിലും ശക്തമായ കാറ്റിലും ഒരു ആൽമരം മറിഞ്ഞ് വീണ് അപകടം സംഭവിച്ചതിനെത്തുടർന്ന്, ടി ഭാഗത്ത് അപകട ഭീഷണി ഉയർത്തി നിന്നിരുന്ന ചെറു മരങ്ങൾ ഉൾപ്പെടെ വിവിധ ഇനത്തിൽപ്പെട്ട 17 മരങ്ങളും, നീണ്ടപാറ ഭാഗത്ത് നിന്നും 3 മരങ്ങളും മുറിച്ച് അപകടമൊഴിവാക്കിയിട്ടുണ്ട്. ടി പ്രദേശത്ത് വളരെ അപകടകരമായി നിൽക്കുന്ന 30 ഓളം മരങ്ങൾ കണ്ടെത്തി അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ദുരന്തനിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിലും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | മരങ്ങൾ സമയബന്ധിതമായി മുറിച്ചുമാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | അപകടകരമായി നിൽക്കുന്ന മരങ്ങൾ സമയബന്ധിതമായി മുറിച്ച് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജീവനക്കാരുടെ ഫീൽഡ് പരിശോധന സമയത്തും അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പരാതി/അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്കും അപകടകരമാണെന്ന് ബോധ്യപ്പെടുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനും, അല്ലാത്തവയുടെ ശിഖരങ്ങൾ കോതുന്നതിനും അനുമതി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ